ശ്രീ. കെ. ടി. ജേക്കബ്: കുറയ്ക്കണമെന്നുതന്നെയാണ്. കത്തുണ്ട്. ഇത് ഇങ്ങനെ കണ്ടിന്യൂ ചെയ്യാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. 120 ഗ്രാം മാത്രമേ പാടുള്ളുഎന്നാണ് പറഞ്ഞത്. അതിൽകൂടുതൽ പാടില്ല.

ശ്രീ. പി. കുഞ്ഞൻ: കുറച്ചുമുമ്പേ മറുപടി പറഞ്ഞതിൽ കേന്ദ്ര വിരുദ്ധസമരം കുറഞ്ഞതുകൊണ്ടാണ് ഇന്നത്തെ ഈ സാഹചര്യത്തിൽ അരി വെട്ടിച്ചുരുക്കാൻ ഇടയായതെന്നു പറഞ്ഞു. അതു ശരിയാണെങ്കിൽ ഇന്നത്തെ ഗവൺമെൻറിന്റെ പുതിയ കേന്ദ്രബന്ധംവച്ചുകൊണ്ട് ഓരോ മാസവും കേന്ദ്രവിരുദ്ധസമരംകുറയുകയും കേരളത്തിനു തീരെ അരികിട്ടാതെ വരികയും ചെയ്യുന്ന ഒരു പരിതഃസ്ഥിതി ഉണ്ടായേക്കുമോയെന്നു ഭയപ്പെടുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: കുറച്ചുദിവസമായിട്ട് കേന്ദ്രവിരുദ്ധ സമരം കുറവാണ്. അതുകൊണ്ടാണ് അരികുറയാൻ കാരണമെന്നു ഗവൺമെൻറു കരുതുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: മന്ത്രി നേരത്തെ പറഞ്ഞതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ടി. ജേക്കബ്: ഇപ്പോഴും ലഭിക്കുന്ന അരിയും ഇതും തമ്മിൽ ബന്ധപ്പെടുത്തി പറഞ്ഞിട്ടില്ല. പിന്നെ സമരത്തിന്റെ രൂപം എന്താണെന്നായിരിക്കും. ഈ ഗവൺമെൻറ് കേന്ദ്രവുമായി ഈ കാര്യത്തെപ്പറ്റി എപ്പോഴും ചർച്ചനടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഡാക്ടർ ജോർജ്ജ് തോമസ്: കേന്ദ്രത്തിലെ ഒരു മന്ത്രി റേഷൻ വെട്ടിക്കുറയ്ക്കണമെന്നാവശ്യപ്പെടുകയും മറെറാരുമന്ത്രി അങ്ങനെ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിട്ടില്ലെന്നു പറയുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യം ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ പെടുത്തിയിട്ടില്ല. ഇനി പെടുത്താം; എന്താണ് അങ്ങനെ രണ്ടുസ്വരത്തിൽ സംസാരിക്കാൻ ഇടവന്നത്. ഇത് അസംബ്ലിയിൽത്തന്നെ വാദപ്രതിവാദത്തിനിടയാക്കി. പലമെമ്പറൻമാർക്കും വിഷമമുണ്ടായി എന്നൊക്കെയുള്ള കാര്യങ്ങളും അറിയിക്കാം.

ശ്രീ. എസ്. ദാമോദരൻ: സ്റ്റാക്കിന്റെ കുറവുകൊണ്ടല്ല കേന്ദ്ര നിർബന്ധംകൊണ്ടാണ് റേഷൻ വെട്ടിക്കുറയ്ക്കാൻ ഇടയായതെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ നെല്ലുമുതലാളിമാർക്ക് കൂടുതൽ രൂപ കിട്ടാൻവേണ്ടിയല്ലേ കേന്ദ്രഗവൺമെൻറ് ഇങ്ങനെ ഒരു നിർദ്ദേശം പുറപ്പെടുവിച്ചത്?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ നെല്ലുമുതലാളിമാർക്ക് വിലയൊന്നും കൂടുതൽ കിട്ടിയിട്ടില്ല. അതുമൂലം വിലക്കൂടുതലുണ്ടായതായി തോന്നുന്നില്ല.

സോവിയറ് സാംസ്ക്കാരിക കേന്ദ്രം

* 134 [481] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പണിചെയ്തിരുന്ന സോവിയറ് സാംസ്കാരിക കേന്ദ്രം ഇടിഞ്ഞുവീണ അത്യാഹിതത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചു കഴിഞ്ഞുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അത്യാഹിതത്തിൽ മരണമടഞ്ഞ തൊഴിലാളികുടുംബങ്ങൾക്ക് ആരെങ്കിലും എന്തെങ്കിലും നഷ്ടപരിഹാരം നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഈ കേന്ദ്രം തിരുവനന്തപുരത്ത് പണിയുന്നതിന് കേന്ദ്ര ഗവൺമെന്റോ സംസ്ഥാനഗവൺമെന്റോ തിരുവനന്തപുരം കോർപ്പറേഷനോ അനുമതി നൽകുകയുണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി) മരണത്തിൽപെട്ട 9 പേരുടെ അവകാശികൾക്ക് 50 രൂപാ വീതം കളക്ടറുടെ discretionary ഗ്രാന്റിൽനിന്ന് ഉടനടി അനുവദിക്കുകയുണ്ടായി. അതിനുപുറമേ അവരുടെ കുടുംബങ്ങൾക്ക് ആയിരംരൂപാ വീതം ഗവൺമെന്റിന്റെ ദുരിതാശ്വാസനിധിയിൽ നിന്നു ധനസഹായം ചെയ്യുകയുണ്ടായി. കൂടാതെ മരണമടഞ്ഞ ആളുകൾക്ക് രണ്ടായിരം രൂപാ സോവിയറ്റു എംബസിയുടെ വകയായി അനുവദിക്കുകയുണ്ടായി.

(സി) കെട്ടിടം പണിയുന്നതിന് തിരുവനന്തപുരം കാർപ്പറേഷൻ കേരളാ മുനിസിപ്പൽ ആക്ടിന്റെ 252—ാം സെക്ഷൻ അനുസരിച്ച് ഒരു പെർമിറ്റ് സോവിയറ്റു എംബസിയുടെ അപേക്ഷയനുസരിച്ച് അനുവദിച്ചു കൊടുക്കുകയുണ്ടായി.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സോവിയറ്റു യൂണിയനിലെ പ്രസിഡന്റിനു വേണ്ടി ഇൻഡ്യയിലെ റഷ്യൻ അംബാസിഡർ ആണ് ഈ ആധാരം തിരുവനന്തപുരത്തു രജിസ്റ്റർ ചെയ്തിട്ടുള്ളതായി രജിസ്റ്ററാഫീസിൽ കാണുന്നത്. ഇന്നു നിലവിലുള്ള വിദേശരാജ്യങ്ങൾ ഏതെങ്കിലും സംസ്ഥാനത്ത് ഭൂമിവാങ്ങുന്നതിനെതിരായിട്ടുള്ള നിയന്ത്രണനിയമങ്ങൾ ലംഘിച്ചുകൊണ്ട് സോവിയറ്റുയൂണിയൻ ഈ ഭൂമി തിരുവനന്തപുരത്ത് തീർ വാങ്ങിയതിനെപ്പറ്റി ഈ ഗവൺമെന്റിന് എന്തെങ്കിലും മുൻകൂട്ടി അറിയാൻ കഴിഞ്ഞിരുന്നോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെന്റിന് വിവരം ലഭിച്ചതായിട്ട് കാണുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇങ്ങനെ അനധികൃതമായി ഭൂമി തീറുവാങ്ങിയാൽ അതിനെപ്പറ്റി മുൻകൂട്ടി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഈ ഗവൺമെന്റിന്റെ കീഴിൽ ഇൻറലിജൻസ് ഡിപ്പാർട്ടുമെന്റില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഈ സംഗതി അറിഞ്ഞതിനുശേഷമല്ലേ അതിനെപ്പറ്റി അന്വേഷണമുണ്ടാകാൻ സാധ്യതയുള്ളു. ഈ സംഗതി പുറത്തുവന്നതിനുശേഷം അതിനെസംബന്ധിച്ച് പാർലമെന്റിൽ വാദപ്രതിവാദം നടക്കുകയും കേന്ദ്രഗവൺമെന്റ് നടപടികളെടുക്കുകയും ചെയ്തു. അതുകൊണ്ട് ഈ ഗവൺമെന്റ് എന്തെങ്കിലും നടപടികളെടുക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സോവിയറ്റ് എംബസി രണ്ടായിരം രൂപാ നഷ്ടപരിഹാരം കൊടുത്തുവെന്നു പറഞ്ഞു. ഈ രണ്ടായിരം രൂപ സോവിയറ്റു യൂണിയനെസംബന്ധിച്ചിടത്തോളം മിതമായ നഷ്ടപരിഹാരമാണെന്ന് മുഖ്യമന്ത്രി കരുതുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: എന്റെ അഭിപ്രായത്തിനു വിലയില്ല. അതുകൊണ്ട് ഞാൻ അതിന് അഭിപ്രായം പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: എംബസിമുഖേനയുള്ള കെട്ടിടം പണിക്ക് അപേക്ഷ കിട്ടിയ അവസരത്തിൽ അതിന്റെ സാധുതയെക്കുറിച്ച് കാർപ്പറേഷൻ അന്വേഷിക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് കാർപ്പറേഷനോട് ചോദിക്കുകയുണ്ടായോ?

ശ്രീ. സി. അച്യുതമേനോൻ: കാർപ്പറേഷനോട് ആ അവസരത്തിൽ ചോദിക്കേണ്ട പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല. യാതൊരു വിമർശനവും ഉണ്ടാകാതിരുന്നതുകൊണ്ട് അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. ആദ്യം പെർമിഷൻ ചോദിച്ചു അതു കൊടുത്തു. അതിനുശേഷമാണ് അതിനെ സംബന്ധിച്ച ചില പ്രത്യേക ചട്ടങ്ങൾ ഉണ്ടെന്നു പത്രവാർത്തകൾ കാണുന്നത്. അപ്പോൾ കേന്ദ്രഗവൺമെന്റ് ആവശ്യമായ നടപടികളും സ്വീകരിച്ചു. പിന്നെ ഈ ഗവൺമെന്റ് നടപടികൾ എടുക്കേണ്ടതുണ്ടെന്നു തോന്നിയതുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ അത്യാഹിതത്തിൽ മരണമടഞ്ഞ ആളുകൾക്ക് സംസ്ഥാനഗവൺമെന്റ് ആയിരം രൂപാവീതം കൊടുത്തുവെന്നു പറഞ്ഞു. അതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാലുപേരെ വെടിവച്ചുകൊന്നു. അവർക്ക് എന്തുനഷ്ടപരിഹാരം കൊടുത്തു?

മി. സ്പീക്കർ: അത് ഒരു പ്രത്യേകചോദ്യമായി ചോദിക്കണം.

ശ്രീമതി കെ. ആർ. ഗൗരി: ഉത്തരം പറയുന്നെങ്കിൽ പറയട്ടെ.

ശ്രീ. സി. അച്യുതമേനോൻ: ഈ ചോദ്യത്തിൽ വരുന്നില്ല.

ശ്രീ. പി. പി. ജോർജ്ജ്: ഈ വിദേശ എംബസികളുടെ സാംസ്ക്കാരിക കേന്ദ്രങ്ങൾ സംസ്ഥാനകേന്ദ്രങ്ങളിലുള്ളത് അടച്ചുപൂട്ടണമെന്നുള്ള ഒരു നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതായി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെന്റിന് അങ്ങനെ അറിവില്ല. ബഹുമാനപ്പെട്ട മെംബർക്കുകിട്ടിയ വാർത്ത പത്രത്തിൽനിന്നുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയുള്ള വിവരമേ ഗവൺമെന്റിനുമുള്ളു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കേരളത്തിൽ ഏതെല്ലാം വിദേശ ഗവൺമെന്റുകളുടെ സാംസ്ക്കാരിക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു?

ശ്രീ. സി. അച്യുതമേനോൻ: ഈ സംസ്ഥാനത്ത് ഒട്ടാകെതന്നെ അമേരിക്കാക്കാരുടെ സാംസ്ക്കാരികകേന്ദ്രം മാത്രമേയുള്ളു. മറ്റൊന്നുമില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇത്തരം യാദൃച്ഛികമരണങ്ങൾക്കു നഷ്ടപരിഹാരം കൊടുക്കുന്നതുപോലെ ഈ രാജ്യത്തു നടക്കുന്ന കൊലപാതകങ്ങൾക്കും നഷ്ടപരിഹാരംകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ: ഇതിനു ഉത്തരംപറയേണ്ടതില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഇതു ന്യായമായ ചോദ്യമാണ്. അവരുടെ കുറ്റംകൊണ്ടല്ല അവർ മരിക്കുന്നത്. അതുകൊണ്ടു നഷ്ടപരിഹാരം നൽകേണ്ടതാണ്.

(ഉത്തരമില്ല)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ജോർജുതോമസ്: ഈ അത്യാഹിതത്തിൽ മരണമടഞ്ഞവർക്ക് ഈ ഗവൺമെൻറ് ആയിരംരൂപയും സോവിയറ്റ് എംബസി രണ്ടായിരം രൂപയുമാണു കൊടുത്തത്. ഈ തുക വളരെ അപര്യാപ്തമാണെന്നതു പരിഗണിച്ചു അവർക്കു കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെൻറിന് അതു പരിഗണിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഈവക സംഗതികളുണ്ടാകുന്ന അവസരത്തിൽ മറ്റുപ്രകാരത്തിലുള്ള പ്രതിഫലസംഖ്യ കിട്ടാനുള്ള അർഹതയെപ്പറ്റി തീരുമാനമെടുക്കുന്നതിനു മുൻപ് അടിയന്തിര സഹായം എത്തിക്കണമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇതുവരെ പരമാവധി കൊടുത്തിട്ടുള്ളത് ആയിരം രൂപയാണ്. കൂടുതൽ കൊടുത്തിട്ടില്ല. കൊടുക്കാൻ സാധിക്കുമെന്നും തോന്നുന്നില്ല. അതേഅവസരത്തിൽ മരിച്ച ആളുകളുടെ കുടുംബാങ്ങൾക്ക് നിയമപ്രകാരം തന്നെ കിട്ടാനുള്ള അവകാശമുണ്ടെന്നുതോന്നുന്നു. അതേപ്പറ്റി പരിശോധിച്ചാൽ ഉള്ളതാണെങ്കിൽ നടപടിയെടുത്താൽ തീർച്ചയായിട്ടും അവർക്ക് കിട്ടും.

ശ്രീ. പി. പി. ജോർജ്: ഒരു വിദേശ എംബസിയുടെ കോൺസുലർ ആഫീസുകളോ വ്യാപാരകേന്ദ്രങ്ങളോ പ്രവർത്തിക്കാത്ത ഒരു സ്റ്റേറ്റിന്റെ തലസ്ഥാനത്തു സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിക്കരുത് എന്ന് ചട്ടം നിലവിരിക്കേ അമേരിക്കൻ കേന്ദ്രങ്ങളുടെ ഈ രണ്ടു ആഫീസുകളും ഇല്ലാത്ത തിരുവനന്തപുരത്ത് എന്തുകൊണ്ടാണ് ഇങ്ങനെയൊരു കോൺസുലർ കേന്ദ്രം തുടർന്നു പ്രവർത്തിക്കുന്നത് എന്നുള്ളതു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ചോദ്യം എന്നോടു ചോദിക്കേണ്ടതല്ല; കേന്ദ്രഗവൺമെൻറിനോടു ചോദിക്കേണ്ടതാണ്.

Mr. Speaker. This is a policy of the Central Government, not ours.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അമേരിക്കയുടെ ഒരു സാംസ്കാരിക കേന്ദ്രം പ്രവർത്തിക്കുന്നതു എന്നുള്ളതുകൊണ്ടു റഷ്യയുടെയും ഒരു സാംസ്കാരികകേന്ദ്രം പ്രവർത്തിക്കാൻ അനുവദിക്കുമോ എന്നു നമ്മുടെ ഗവൺമെൻറു ഇൻഡ്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അമേരിക്കൻ സാംസ്കാരികകേന്ദ്രം നിലവിലുള്ള സ്ഥിതിക്കു സോവിയറ്റു സാംസ്കാരികകേന്ദ്രം അനുവദിക്കാതിരിക്കുന്നതു ശരിയല്ലെന്നുപറഞ്ഞുകൊണ്ടു കേന്ദ്രഗവൺമെൻറിനു എഴുതിയിരുന്നു. പക്ഷേ ഇപ്പോഴും കേന്ദ്ര ഗവൺമെൻറു നിലവിലുള്ള അമേരിക്കൻ സാംസ്കാരികകേന്ദ്രംകൂടി അടച്ചുപൂട്ടണമെന്നു ഉത്തരവിട്ടിട്ടുണ്ട്. മേയ് 1-ാം തീയതി അടച്ചുപൂട്ടണമെന്നു നോട്ടീസുകൊടുത്തിട്ടുള്ളതായിട്ടാണ് ഞാൻ അറിയുന്നത്.

மொழிசிறுபான்மையினர் குறைகள்

* 135. [482] **ஸ்ரீ. என். கணபதி:** கீழ் காணும் விஷயங்களுக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1667-ம் ஆண்டு முதல் 1969-ம் ஆண்டுவரை இம்மாநில சர்க்கார் மொழிசிறுபான்மையினருக்குச் செய்துள்ள காரியங்களைக்குறித்து தயாரிக்கப்பட்டுள்ள றிப்போர்ட்டு சபை முன் சமர்ப்பிக்கப்பட்டதா;

LIBRARY ARCHIVES Kerala Legislative Assembly